ആലുവ താലൂക്ക് ആശുപത്രിയിൽ ഓഫ്താൽമിക് വാർഡ്

140 [3533] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഒരു ഓഫ്താൽമിക് വാർഡ് നിർമ്മിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരിൽനിന്നാണ് അപേക്ഷ ലഭിച്ചതെന്നും ഇതിൻമേൽ എന്തു നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഈ ആശുപത്രിയിൽ ഓഫ്താൽമിക് വാർഡ് നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. കെ. മുഹമ്മദാലി എം. എൽ. എ. യുടെ പക്കൽ നിന്നും ആലുവാ താലൂക്ക് ആശുപത്രി സൂപ്രണ്ടിന്റെ പക്കൽ നിന്നും ഇക്കാര്യത്തിൽ അപേക്ഷ ലഭിച്ചിട്ടുണ്ട്. 2003-04-ലെ ബജറ്റിൽ നൂറു ശതമാനം കേന്ദ്ര സഹായ പദ്ധതിയായ അന്ധതാ നിയന്ത്രണ ദേശീയ പരിപാടിയിൽ 2210-06-101-69-34 ഒ. സി. (പ്ലാൻ) എന്ന ശീർഷകത്തിൽ 251 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 150 ലക്ഷം രൂപാ മാത്രമേ കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുവദിച്ചിട്ടുള്ളൂ. മേൽ പദ്ധതി പ്രകാരം പുതിയ മരാമത്ത് പണികൾ ഒന്നും ഏറ്റെടുക്കേണ്ടതില്ല എന്ന് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശമുള്ളതിനാൽ ആലുവാ താലൂക്ക് ആശുപത്രിയിലെ ഒഫ്താൽമിക് വാർഡിന്റെ നിർമ്മാണം ഏറ്റെടുക്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യമാണുള്ളത്. ആലുവാ താലൂക്ക് ആശുപത്രി ഒഫ്താൽമിക് വാർഡിന്റെ നിർമ്മാണത്തിന് 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

എടത്തല ഗ്രാമ പഞ്ചായത്തിൽ ആയുർവേദ ആശുപത്രി ആരംഭിക്കാൻ നടപടി

141 [3534] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തിൽ ഒരു ആയുർവേദ ആശുപത്രി ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly